സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

October 2026
Vol. 3 Issue 1

പാലൈ
PALAI பாலை
ISSN No: 3049-0316

ലിംഗപദവി: സ്ത്രീപക്ഷസങ്കല്പനങ്ങൾ



മാർട്ടിൻ ജോസഫ് *

സംഗ്രഹം

സമകാലികമായ ദാർശനികപരിസരത്തിൽ ആഴത്തിലുള്ള സാമൂഹ്യ നിരീക്ഷണങ്ങൾക്കും അക്കാദമികമായ സംവാദങ്ങൾക്കും വിഷയമായ സങ്കല്പനമാണ് ലിംഗപദവി. 1970 കൾക്കു ശേഷമാണ് ഈ പദം വ്യാപകമായി ഉപയോഗിച്ചു തുടങ്ങുന്നത്. സാമൂഹ്യനിർമ്മിതി എന്ന നിലയിൽ പുരുഷനെയും സ്ത്രീയെയും ഭിന്നലൈംഗികതയെയും വിശകലനാത്മകമായി സമീപിക്കുന്ന രീതിയാണ് ലിംഗപദവിപഠനം. സ്ത്രീവാദചിന്തകളുടെ രണ്ടാം ഘട്ടത്തിലാരംഭിച്ച ഈ പഠനം മനുഷ്യനുമായി ചേർന്നുനിൽക്കുന്ന എല്ലാ ചിന്താധാരകളെയും പുതുക്കുകയും തിരുത്തുകയും ചെയ്തു. ഇത്തരം പഠനങ്ങൾക്ക് ദിശാബോധം നൽകുകയും നിലമൊരുക്കുകയും ചെയ്തിട്ടുള്ള സ്ത്രീപക്ഷ സൈദ്ധാന്തികരുടെ ചിന്തകളെ വളരെ ചുരുക്കി പരിചയപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

താക്കോൽവാക്കുകൾ: ലിംഗപദവി, സാമൂഹ്യനിർമ്മിതി, പെണ്ണെഴുത്ത്, ലൈംഗികമേൽത്തട്ടുകൾ.

സാമൂഹ്യപരിപ്രേക്ഷ്യത്തിൽ നിർമ്മിക്കപ്പെടുന്ന ആൺ-പെൺ-ഭിന്നലിംഗ വ്യത്യാസങ്ങളുടെ സൈദ്ധാന്തികതയെയാണ് ലിംഗപദവി (Gender) എന്ന പദം കൊണ്ടർത്ഥമാക്കുന്നത്. പിതൃകോയ്മയിൽ രൂപീകൃതമായിത്തീർന്ന സ്ത്രീ-പുരുഷ-ഭിന്നലിംഗ കാഴ്ചപ്പാടുകളെ വിശദമാക്കാനും വ്യാവസായികാനന്തര സമൂഹത്തിൽ ഉടലെടുത്ത ലിംഗസമത്വത്തിന്റെ സാമൂഹികവും-സാംസ്കാരികവുമായ നിർമ്മിതിയെ വിശകലനം ചെയ്യാനുമായി രൂപംകൊണ്ട പദമാണ് ലിംഗപദവി അഥവാ ജെൻഡർ. 1970 കൾക്കു ശേഷമാണ് ഈ പദം വ്യാപകമായി ഉപയോഗിച്ചുതുടങ്ങുന്നത്. സാമൂഹ്യനിർമ്മിതി എന്ന നിലയിൽ പുരുഷനെയും സ്ത്രീയെയും വിശകലനാത്മകമായി സമീപിക്കുന്ന രീതിയെയാണ് ലിംഗപദവിപഠനം എന്ന പ്രയോഗത്തിലൂടെ അർത്ഥമാക്കുന്നത്. സ്ത്രീവാദചിന്തകളുടെ രണ്ടാംഘട്ടത്തിലാണ് ലിംഗപദവിയെപ്പറ്റിയുള്ള ചർച്ചകൾ ആരംഭിക്കുന്നത്. ജീവശാസ്ത്രപരമായ ലിംഗാധിഷ്ഠിതവേർതിരിവുകളുടെ സാമൂഹിക-സാംസ്കാരിക ഇടപെടൽ ശേഷിയെക്കുറിച്ച് ചർച്ചചെയ്തുകൊണ്ടാണ് അക്കാദമിക-വൈജ്ഞാനികമണ്ഡലത്തിൽ ലിംഗപദവി ഒരു വിഷയമായിത്തീരുന്നത്. 1970-കൾക്കുമുമ്പുള്ള സാമൂഹ്യചർച്ചകളിലൊന്നും തന്നെ ലിംഗപദവിയേക്കുറിച്ചുള്ള ചിന്തകൾ ഉണ്ടായിരുന്നില്ല. സാമൂഹ്യനീതി, പുരുഷസമത്വം എന്നിവയുള്ളിൽ അക്കാലത്ത് സ്ത്രീവാദം ഒതുങ്ങിനിന്നു. സ്ത്രീ/പുരുഷൻ/ഭിന്നലിംഗം എന്നീ ലിംഗാവസ്ഥകളിലേക്ക് മനുഷ്യനെ ക്രമീകരിക്കുന്ന സാമൂഹിക

* നിർമലഗിരി കോളേജ് കുത്തുപറമ്പ. Mob: 9495125827; Email: mparappalliyath@gmail.com

വ്യവസ്ഥകളെക്കുറിച്ച് ചർച്ചകൾ ഉണ്ടായില്ല. 1971 ൽ കേറ്റ് മില്ലറ്റ് എഴുതിയ 'Sexual Politics' എന്ന പുസ്തകം ഈ ഏകപക്ഷീയ സാമൂഹ്യശാസ്ത്രരീതിയെ വിചാരണ ചെയ്തു. ആൻ ഓക്ലെയുടെ 'Sex Gender and Society' എന്ന ഗ്രന്ഥം ലിംഗപദവി എന്ന പരികല്പനയ്ക്ക് ദാർശനികമായ അടിത്തറയിട്ടു. 'പേരില്ലാത്ത പ്രശ്നം' എന്ന് ബെറ്റി ഫ്രീഡൻ വിശേഷിപ്പിക്കുന്ന സ്ത്രൈണസങ്കീർണ്ണതകളെക്കുറിച്ചുള്ള ആഴത്തിലുള്ള മറുവായനകൾ തുടർന്ന് ഉണ്ടാവുകയും ചെയ്തു. (Betty Frieden, 2001: 57)

ലിംഗപദവിയെന്നത് ഏകോന്മുഖമായ ഒരു പഠനവിഷയമല്ല. മറിച്ച് രണ്ടാംലോകമഹായുദ്ധത്തിനുശേഷം മനുഷ്യന്റെ ജ്ഞാനമണ്ഡലത്തിൽ പൊതുവിൽ രൂപപ്പെട്ടുവന്ന സ്വത്വനിർമ്മിതിയെക്കുറിച്ചുള്ള ഏതുതരം ചിന്തയും ലിംഗപദവിയെന്ന ജ്ഞാനവ്യവഹാരത്തിന്റെ വ്യാഖ്യാനങ്ങളാണ്. സ്വത്വവാദചിന്തകളിൽ സ്ത്രീവാദപഠനമാണ് ആദ്യമുണ്ടായതെങ്കിലും പിന്നീട് ലിംഗപദവിപഠനത്തിന്റെ വിശാലതയിലേയ്ക്ക് സ്ത്രീവാദചിന്തകൾ വികസിച്ചു. സ്ത്രീവാദം, കറുത്തവരുടെ പ്രസ്ഥാനം, പരിസ്ഥിതി ചിന്തകൾ, സമൂഹത്തിൽ നിലനിന്നുപോന്ന പുരുഷാധിപത്യം, സ്ത്രീ-പുരുഷ-വൈവിധ്യജ്ഞാനമണ്ഡലങ്ങൾ എന്നിവയെല്ലാം സാഹിത്യം കല, സംസ്കാരം, ജീവിതവ്യവഹാരങ്ങൾ, ചരിത്രം, വിമർശനം, വ്യാകരണം, ശാസ്ത്രം തുടങ്ങിയ ജ്ഞാനമേഖലകളിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് 1960 കൾ മുതൽ പുതിയ പരികല്പനകൾ രൂപപ്പെട്ടു. ദെറിദ, ഫൂക്കോ, ലക്കാൻ, ബോർദ്യു തുടങ്ങി നിരവധിപേരുടെ ചിന്തകൾ പുതിയ സ്വത്വചിന്തകൾക്ക് ആധാരമായി. വിർജീനിയ വൂൾഫ്, സിമോൺ ദ ബുവ്വ, ബെറ്റി ഫ്രീഡൻ, ജർമെയ്ൻ ഗ്രീർ, കേറ്റ് മില്ലറ്റ്, ജൂഡിത്ത് ബട്ട്ലർ എന്നിവരുടെ സൈദ്ധാന്തികാപഗ്രഥനങ്ങൾ സ്ത്രീവാദപഠനങ്ങളെ, ലിംഗപദവിപഠനങ്ങളുടെ വിശാലമായ ജ്ഞാനമണ്ഡലത്തിൽ ഉറപ്പിച്ചു. ലിംഗം, ലിംഗപദവി എന്നിവയെ സംബന്ധിച്ചുള്ള പുതുകാഴ്ചകളാണ് ഇന്നുണ്ടാവുന്നത്. ലിംഗം എന്നത് ജീവശാസ്ത്രപരവും ലിംഗപദവിയെന്നത് സാംസ്കാരികനിർമ്മിതിയുമാണെന്നാണ് പൊതുവിൽ കരുതിയിരുന്നത്. എന്നാൽ ജീവശാസ്ത്രപരമായ ഒരു ശരീരം ഇല്ലെന്നും ശരീരമെന്നത് എല്ലായ്പ്പോഴും ലിംഗപദവിയുമായി ബന്ധപ്പെട്ടാണിരിക്കുന്നതെന്നും സമകാലികസൈദ്ധാന്തികർ കരുതുന്നു. ജീവശാസ്ത്രപരമായ ശരീരമെന്നത് ഒരു മിത്താണെന്ന് ലിംഗപദവിപഠനങ്ങളുടെ നൂതനവ്യാഖ്യാനങ്ങൾ നിരീക്ഷിക്കുന്നു. (രാജേഷ് എം.ആർ, 2018:7)

ലിംഗപദവിയെ സ്ത്രീ, പുരുഷ, ഇതര ലൈംഗികസ്വത്വങ്ങളോടും വ്യവഹാരങ്ങളോടും ബന്ധപ്പെടുത്തി മാത്രമല്ല ഇന്ന് ചർച്ചചെയ്യുന്നത്; മറിച്ച് തൊഴിലും ഭൂമിശാസ്ത്രവും ജാതിയും മാധ്യമങ്ങളും കലയും ദേശീയതയും ഒക്കെ ഉൾപ്പെടുന്ന അത്യന്തം സങ്കീർണ്ണമായ ഒരു വൈജ്ഞാനികമേഖലയായി അതിനെ പരിഗണിക്കുന്നു. തൊഴിൽ വിഭജനത്തിന്റെ ചരിത്രം മുതലിങ്ങോട്ട് പുരുഷതൊഴിലുകൾ സ്ത്രീകളുടേതിനേക്കാൾ മൂല്യവത്തായി മാറിയതിലെ പുരുഷാധിപത്യപ്രവണതകൾ, പുരുഷന് മേൽക്കോയ്മയുള്ള ഭൂമിശാസ്ത്രഇടങ്ങളെ സൃഷ്ടിച്ച പാശ്ചാത്യഭൂമികയിലെ ലിംഗവിവേചനങ്ങൾ, അടിച്ചമർത്തപ്പെടലുകൾക്ക് വഴങ്ങേണ്ടിവന്ന ജാതിസ്ത്രീശരീരങ്ങൾ, പരമ്പരാഗത അർത്ഥത്തിലുള്ള ലിംഗസ്വത്വങ്ങളെ മാറ്റിമറിക്കുന്ന മാധ്യമ, സൈബർ ഇടങ്ങൾ തുടങ്ങിയവയെല്ലാം ഇന്ന് ലിംഗപദവി പഠനങ്ങളുടെ പരിധിയിൽ വരുന്ന ധാരകളാണ്.

"ജെൻഡർ" (Gender) എന്ന ഇൻഡോ യൂറോപ്യൻ പദാവലിയാണ് പൊതുവെ ലിംഗപദവി എന്ന് വിവർത്തനം ചെയ്ത് സ്വീകരിക്കപ്പെട്ടത്. സവിശേഷമായ സാമൂഹികസന്ദർഭത്തിലെ സാമൂഹികവും സാംസ്കാരികവും മനഃശാസ്ത്രപരവുമായ സ്ത്രീ/പുരുഷ/വിമത-ലൈംഗികാവസ്ഥകളുടെ സ്വഭാവത്തെയാണ് ലിംഗപദവി എന്ന അർത്ഥത്തിൽ പരിഗണിക്കുന്നത്. അതായത് സവിശേഷലിംഗം ഒരാളെ സ്ത്രീയും പുരുഷനും ഇതരലൈംഗിക പദവിയുമായി വേർതിരിക്കുകയാണെങ്കിൽ ലിംഗപദവിയനുസരിച്ചാണ് സ്ത്രീത്വവും പുരുഷത്വവും നിർണ്ണയിക്കപ്പെടുന്നത് എന്ന് സാരം. ഒരു സമൂഹത്തിന്റെ സാംസ്കാരികനിയമാവലിയ്ക്കുള്ളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ഇതരലിംഗക്കാർക്കും എന്തുതരം സാമൂഹികധർമ്മങ്ങളാണ് നൽകപ്പെടുന്നത് എന്നു പരിശോധിക്കുകയാണ് പ്രധാനമായും ലിംഗപദവി പഠനങ്ങൾ ചെയ്യുന്നത്. (ബ്രില്ലി റാഫേൽ, 201)

ലിംഗപദവി (Gender)

ലൈംഗികതയിൽനിന്നു വ്യത്യസ്തമായി സ്ത്രീ-പുരുഷൻ-ഭിന്നലിംഗം എന്നീ സ്വത്വബോധത്തിന്റെ സാമൂഹ്യനിർമ്മിതിയെ വിശകലനം ചെയ്യുന്നതിനെയാണ് ലിംഗപദവി എന്നതുകൊണ്ടർത്ഥമാക്കുന്നത്. സ്ത്രീത്വം, പുരുഷത്വം എന്നിവ സാമൂഹ്യനിർമ്മിതി (Social Construct) ആണെന്ന ചിന്തയാണ് ലിംഗപദവി

പഠനങ്ങളുടെ അടിസ്ഥാനം. ലിംഗപദവിയെന്നത് ജീവശാസ്ത്രപരമല്ല (Biological Construct) മറിച്ച് ഈ വ്യത്യാസങ്ങൾ പ്രധാനമായും പിതൃകോയ്മയിൽ സൃഷ്ടിക്കപ്പെട്ടതും അതിനാൽത്തന്നെ പുരുഷകേന്ദ്രീകൃതവും അയുക്തവുമാണ്. തൽഫലമായി സ്ത്രീ പുരുഷനു താഴെയാവുന്നു (Gender Hierarchy). മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ഒരുവ്യക്തി അവന്റെ സാമൂഹ്യവത്കരണത്തിലൂടെ നേടുന്ന ഒന്നാണ് ലിംഗപദവി. ഒരാളുടെ ശരീരത്തിൽ സാമൂഹ്യപരവും സാംസ്കാരികവുമായ ഇടപെടലുകൾ സൃഷ്ടിച്ചെടുക്കുന്ന ബോധം മാത്രമാണ് സ്ത്രൈണതയും പുരുഷീയതയും എന്നർത്ഥം. ഇന്നത്തെ സമൂഹത്തിൽ നിലനിൽക്കുന്ന ബന്ധങ്ങളെ നിർണ്ണയിക്കുന്നതും ഒരാളുടെ ലിംഗപദവി ആണെന്നുകാണാം.

ലിംഗപദവിയെക്കുറിച്ച് പ്രമുഖരായ സ്ത്രീവാദദാർശനികർ നടത്തിയിട്ടുള്ള ചില നിരീക്ഷണങ്ങൾ വിലയിരുത്തുന്നത് ഈ യാഥാർത്ഥ്യത്തെ കൂടുതൽ മനസ്സിലാക്കുന്നതിന് സഹായിക്കും.

ആൻ ഓക്ലെ (Ann Oakley)

ബ്രിട്ടീഷ് സാമൂഹ്യശാസ്ത്രജ്ഞയും സ്ത്രീവാദചിന്തകയുമായ ആൻ ഓക്ലെ തന്റെ 'Sex, Gender and Society' എന്ന പുസ്തകത്തിൽ ലിംഗപദവിയെ സാമൂഹ്യശാസ്ത്രപരമായി വിലയിരുത്തുന്നുണ്ട്. 1970-കൾക്ക് മുൻപ് പാശ്ചാത്യസംസ്കാരത്തിൽ സ്ത്രീകൾക്ക് നൽകപ്പെട്ടിരുന്നത് വീട്ടമ്മ, അമ്മ എന്നീ പദവികളായിരുന്നു. ഈ ബിംബപദവികൾ തകർക്കപ്പെട്ടാൽ അതു സമൂഹം എന്ന യാഥാർത്ഥ്യത്തെ തകർക്കും എന്ന് പിതൃകോയ്മാധിഷ്ഠിതസമൂഹം വിശ്വസിച്ചു. (Ann Oakley, 1972: 192). ഓക്ലെയുടെ അഭിപ്രായത്തിൽ ഈ കാഴ്ചപ്പാടുകൾ പരമ്പരാഗത പിതൃകോയ്മ-ആണാധികാര ബോധ്യങ്ങളെ ഊട്ടിയുറപ്പിച്ചു. ലിംഗപദവിക്ക് സമൂഹവുമായുള്ള അനിഷേധ്യമായ ബന്ധത്തെ തന്റെ നിരീക്ഷണങ്ങളിലൂടെ സ്ഥാപിച്ചെടുക്കാനും ഓക്ലെക്ക് കഴിഞ്ഞു. ലൈംഗികതയെയും ലിംഗപദവിയെയും കുറിച്ചുള്ള ഓക്ലെയുടെ ചർച്ചകൾ ആരംഭിക്കുന്നതുതന്നെ ലൈംഗികത ജീവശാസ്ത്രപരവും ലിംഗപദവി സാംസ്കാരികവുമാണെന്ന പ്രഖ്യാപനത്തോടെയാണ് (Sex is a biological term and Gender is a Cultural one).

സിമോൺ ദ ബുവ (Simone de Beauvoir)

ഫ്രഞ്ച് സ്ത്രീവാദചിന്തകയായ സിമോൺ ദ ബുവ, ലിംഗപദവിസംബന്ധമായ ചിന്തകൾ അവതരിപ്പിക്കുന്നത് 'The Second Sex' എന്ന ഗ്രന്ഥത്തിലൂടെയാണ്. ലിംഗപദവി എന്ന പരികല്പനയേക്കാൾ, ചരിത്രത്തിലുടനീളം രണ്ടാംതരംക്കാരിയാക്കി പരിഗണിക്കപ്പെട്ട സ്ത്രീസ്വത്വത്തെയാണ് ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുന്നത്. ലിംഗപദവി എന്ന പദം പൂർണ്ണമായ അർത്ഥത്തിൽ ഉപയോഗിക്കുന്നില്ലെങ്കിലും പിന്നീട് ഉയർന്നുവന്ന ലിംഗപദവിചിന്തകൾക്ക് 'എന്താണ് സ്ത്രീ'? എന്ന ബുവ്വയുടെ ചോദ്യം അടിത്തറയിട്ടു. ഫ്രെഡറിക് ഏംഗൽസ് "കുടുംബം, സ്വകാര്യസ്വത്ത്, ദേശരാഷ്ട്രം എന്നിവയുടെ ഉദയം" (The Origin of Family, Private Property and the State) എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്ന "സ്ത്രീലിംഗത്തിന്റെ ചരിത്രപരമായ പരാജയം" (The Great Historical defeat of the female sex) എന്ന ആശയത്തെ വിമർശനാത്മകമായി സമീപിച്ചുകൊണ്ടാണ് ബുവ്വ തന്റെ വാദഗതികൾ അവതരിപ്പിക്കുന്നത്. 'ആൺ' എന്നതും 'പെൺ' എന്നതും സമൂഹനിർമ്മിതിയാണെന്ന ഉറച്ച ബോധ്യത്തിനുടമയായിരുന്നു അവർ. മാത്രമല്ല ലിംഗപരമായ താരതമ്യം എപ്പോഴും പുരുഷന് മേൽക്കോയ്മ നൽകുന്നുവെന്നും അവർ വാദിച്ചു. മാതൃത്വം ഒരുപരിധിവരെ മേൽക്കോയ്മ പുരുഷനിൽ ഉറപ്പിക്കുന്നതിനു സഹായിച്ചു.

ലിംഗാസമത്വത്തിൽ സ്ത്രീ അനുഭവിക്കേണ്ടിവരുന്ന "അവസാനമില്ലാത്ത നൈരാശ്യത്തെ" (Ever lasting disappointment) കുറിച്ചും ആർത്തവം, കന്യകാത്വം, ലൈംഗിക ബന്ധം, വിവാഹം, മാതൃത്വം മുതലായവ സ്ത്രീയുടെ മേൽ സൃഷ്ടിക്കുന്ന ലിംഗാടിമത്തത്തെക്കുറിച്ചും വിശദമായ സംവാദങ്ങൾ ബുവ്വ നടത്തുന്നുണ്ട്. ഇത്തരം പരികല്പനകൾ പുരുഷന് സമൂഹത്തിൽ ഉയർന്നസ്ഥാനവും അധികാരവും നൽകുകയും ലിംഗവേർതിരിവുകൾ അധീശ-വിധേയത്വക്രമത്തിൽ സൃഷ്ടിക്കുകയും യഥാക്രമം അടിമ-ഉടമ എന്നീ അവസ്ഥകളിൽ സ്ത്രീയെയും പുരുഷനെയും സമൂഹമധ്യത്തിൽ നിലനിർത്തുകയും ചെയ്തു. സ്ത്രീ അന്യവത്കരിക്കപ്പെട്ട വാർപ്പുമാതൃകകളായി: സംസ്കാരംതന്നെ പുരുഷകേന്ദ്രിതമായി വ്യാഖ്യാനിക്കപ്പെട്ടു.

ISSN No: 3049-0316

ഷുലാമിത് ഫയർസ്റ്റോൺ (Shulamith Firestone)

കനേഡിയൻ അമേരിക്കൻ റാഡിക്കൽ സ്ത്രീവാദചിന്തകയായ ഷുലാമിത് ഫയർസ്റ്റോൺ "ലൈംഗികതയുടെ വൈരുദ്ധ്യാത്മകത" (The Dialectics of Sex) എന്ന തന്റെ ഗ്രന്ഥത്തിലാണ് ലിംഗപദവി സംബന്ധമായ വിശകലനങ്ങൾ നടത്തുന്നത്. അവരുടെ അഭിപ്രായത്തിൽ ആണാധികാര-പിതൃകോയ്മ സ്ത്രീയുടെ സന്താനോല്പാദനശേഷിയെ ന്യൂനവത്കരിക്കുകയും രണ്ടാംകിടക്കാരിയാക്കുകയും ചെയ്തു. സന്താനോത്പാദനത്തിന്റെ ഭാരപ്പെടുത്തലുകളിൽ നിന്ന് മോചിതയാകുവാൻ സാങ്കേതികമാർഗ്ഗങ്ങൾ അവലംബിക്കുകയും അതുവഴി സ്ത്രീ സ്വതന്ത്രയാവുകയും ചെയ്യേണ്ടതുണ്ട്. അമ്മയും കുട്ടിയും തമ്മിലുള്ള ജൈവികബന്ധത്തെ മുറിച്ചുമാറ്റി മാതൃമേ യഥാർത്ഥ സ്ത്രീവിമോചനം സാധ്യമാകൂ എന്നവർ പ്രഖ്യാപിച്ചു. അതിനായി ഏകഭാര്യാത്വവും അണുകുടുംബവും ഇല്ലാത്ത കമ്മ്യൂണുകൾ സൃഷ്ടിക്കപ്പെടണം എന്ന് അവർ അഭിപ്രായപ്പെട്ടു.

സാമ്പത്തിക മേൽത്തട്ടുകളെ ഇല്ലാതാക്കാൻ കീഴ്ത്തട്ടു-വിപ്ലവവും ആവശ്യമാണെന്നതുപോലെ ലൈംഗിക മേൽത്തട്ടുകളെ (Masculinity) തകർക്കാൻ ലൈംഗികകീഴ്ത്തട്ടു (Femininity) വിപ്ലവം അനിവാര്യമാണെന്നും, ശരീരത്തിന്മേലുള്ള അവളുടെ അവകാശം സ്ഥാപിക്കുന്നതുപോലെ തന്നെ പ്രത്യുല്പാദനത്തിന്മേലും അവകാശം പിടിച്ചെടുക്കണം എന്നുള്ള തീവ്രവാദഗതി ഫയർസ്റ്റോൺ മുൻപോട്ടു വെച്ചു. മനുഷ്യർക്കിടയിലെ ജനിതകവ്യത്യാസങ്ങളെ അടിസ്ഥാനമാക്കിയുള്ള തരംതിരിക്കലുകൾ സംസ്കാരത്തിന്റെ നിരാസമാണെന്നും സ്തൈണവിപ്ലവത്തിന്റെ ആത്യന്തികലക്ഷ്യം ലൈംഗികതട്ടുവത്കരണത്തെ ഇല്ലാതാക്കലാണെന്നും ഫയർസ്റ്റോൺ സിദ്ധാന്തിച്ചു. ലിംഗപദവി ചർച്ചയിലെ തീവ്ര സിദ്ധാന്തങ്ങളായിരുന്ന ഫയർസ്റ്റോണിന്റേത്.

ജൂഡിത്ത് ബട്ട്ലർ (Judith Butler)

സ്തൈണത എന്ന അവസ്ഥയുടെ സാധുതയെത്തന്നെ ചോദ്യം ചെയ്യുകയാണ് അമേരിക്കൻ ചിന്തകയായ ജൂഡിത്ത് ബട്ട്ലർ തന്റെ 'Gender Trouble' എന്ന ഗ്രന്ഥത്തിൽ. പുരുഷത്വം, സ്ത്രീത്വം എന്നിവ കല്പിക്കപ്പെടുന്നവയാണെന്നും ചരിത്രപരമായ അധികാരശ്രേണിയുടെ പശ്ചാത്തലത്തിൽ മാത്രമാണ് സ്ത്രീ-പുരുഷൻ-മൂന്നാം ലിംഗം മുതലായ പരികല്പനകൾ രൂപീകൃതമായിട്ടുള്ളതെന്നും ഭാഷയിലൂടെ നിങ്ങൾ ചില സത്താബോധത്തെ നിർമ്മിച്ചെടുക്കുകയാണെന്നും അവർ വാദിച്ചു. ലിംഗപദവിയുടെ സവിശേഷതകളെല്ലാം ആരോപിക്കപ്പെട്ടവയാണ്. ജെൻഡറിനെക്കുറിച്ച് ജൂഡിത്ത് ബട്ട്ലറുടെ ആശയങ്ങളിൽ പ്രധാനപ്പെട്ടവയെ ഇപ്രകാരം ക്രോഡീകരിക്കാം:

1. ലിംഗപദവിയെന്നത് പ്രകടനപരമാണ്.
2. ലിംഗപദവി ഒരു മനുഷ്യന്റെ അടിസ്ഥാനപരമായ തെരഞ്ഞെടുപ്പല്ല.
3. ലിംഗപദവി അടിച്ചേല്പിക്കപ്പെട്ടതാണ്.
4. കാലത്തിലൂടെയും ചരിത്രത്തിലൂടെയും തുടർച്ചയായി സ്വീകരിക്കപ്പെടുന്ന നിർദ്ദേശങ്ങളിലൂടെയാണ് ശരീരം (sex) ലിംഗപദവിയിലേക്കെത്തുന്നത്.

മോണിക് വിറ്റിംഗ് (Monique Wittig)

ഫ്രഞ്ച് സ്ത്രീവാദചിന്തകയായ വിറ്റിംഗിന്റെ വിശകലനത്തിൽ ലിംഗപദവി എന്നത് വ്യത്യസ്തലിംഗവ്യവസ്ഥയുടെ രാഷ്ട്രീയപരിസരത്തിൽ രൂപംകൊണ്ട ഭാഷാനിർമ്മിതിയാണ്. ലിംഗപദവി ഏകവചനത്തിലാണ് ഭാഷയിൽ ഉപയോഗിക്കുന്നത്. കാരണം രണ്ടു പദവികൾ സമൂഹം അംഗീകരിക്കുന്നില്ല. ലിംഗം എന്ന അവസ്ഥയെ തകർക്കണമെന്ന് വിറ്റിംഗ് നിർദ്ദേശിക്കുന്നു കാരണം അതിലൂടെ മാത്രമേ സ്ത്രീക്ക് സാർവ്വത്രികമായ മാനത്തിലേക്ക് ഉയരാൻ കഴിയൂ. ഭാഷയുടെശക്തി കാലാകാലങ്ങളായി സ്ത്രീയെ അടിമ എന്ന നിലയിൽ മാത്രമാണ് വ്യാഖ്യാനിച്ചിട്ടുള്ളതെന്ന് വിറ്റിംഗ് കുറ്റപ്പെടുത്തുന്നു. ലൈംഗികതയുടെ രാഷ്ട്രീയവൈരുദ്ധ്യങ്ങളുടെ ഭാഷാശാസ്ത്രപരമായ സൂചികകളാണ് ലിംഗപദവിയെന്ന് വിറ്റിംഗ് നിർവ്വചിച്ചു.

 ISSN No: 3049-0316

ജെർമെയ്ൻ ഗ്രീർ (Germaine Greer)

സ്ത്രീവാദമുന്നേറ്റങ്ങളുടെ വർത്തമാനകാലമുഖമാണ് ഓസ്ട്രേലിയക്കാരിയായ ജെർമെയ്ൻ ഗ്രീർ. 1970 കളിൽ ഒന്നാംതരംഗ ഫെമിനിസത്തിന്റെ കാലത്താണ് "ദ ഫീമെയിൽ യൂനക്" എന്ന പുസ്തകവുമായി ഫെമിനിസത്തിന്റെ സംവാദമേഖലകളെ ഗ്രീർ കൂടുതൽ ചലനാത്മകമാക്കിയത്. ഗ്രീറിന്റെ അഭിപ്രായത്തിൽ പുരുഷനുമായി തുല്യയാവുകയല്ല സ്ത്രീയുടെ ലക്ഷ്യം. സ്ത്രീക്ക് അവളുടേതായ ശരീരവും ലൈംഗികതയുമുണ്ട്. അതിൽനിന്നു വേറിട്ടൊരു അസ്തിത്വം അവൾക്കില്ല. പുരുഷകേന്ദ്രിതമായ സമൂഹം സ്വന്തം ശരീരത്തെ അപകർഷതയോടെ കാണാൻ സ്ത്രീകളെ പഠിപ്പിക്കുന്നു. ലൈംഗികതയെ അവളിൽനിന്നും മുറിച്ചുമാറ്റിയിരിക്കുന്നു. പാടങ്ങളിലും മറ്റും പണിയെടുക്കുന്ന മൃഗങ്ങളെപ്പോലെ ഷണ്ഡീകരിക്കുന്നു. അതുകൊണ്ടുതന്നെ സ്വന്തം ലൈംഗികതയെ തിരിച്ചുപിടിക്കാൻ അവർ സ്ത്രീകളോട് ആഹ്വാനം ചെയ്യുന്നു. പുരുഷലിംഗത്തിന്റെ ആയുധവത്കരണമാണ് പുരുഷമേധാവിത്വത്തിന്റെ അടിത്തറ എന്നതാണ് ഗ്രീറിന്റെ പ്രധാനവാദം. പരമ്പരാഗതരീതിയിലുള്ള സാമൂഹിക ഘടനയും കൺസ്യൂമറിസവും അണുകുടുംബവും സ്ത്രീകളുടെ ലൈംഗികതയെ അടിച്ചമർത്തി അവളെയൊരു നപുംസകമാക്കി തീർക്കുന്നുവെന്ന് ഗ്രീർ നിരീക്ഷിച്ചു.

ഹെലൻ സിക്സ്സ് (Helene Cixous)

ലൂസ് ഇറിഗാരെ, ജൂലിയ ക്രിസ്തേവ എന്നീ ഫ്രഞ്ച് ഫെമിനിസ്റ്റ് സൈദ്ധാന്തികരെപ്പോലെ തന്നെ ലൈംഗികതയെ ഭാഷയോടും എഴുത്തിനോടും അതിലൂടെ ആവിഷ്കൃതമാകുന്ന പ്രതീകങ്ങളോടും ബന്ധപ്പെടുത്തി വിമർശിക്കുന്ന പോസ്റ്റ് സ്ട്രക്ചറലിസ്റ്റ് ഫെമിനിസത്തിന്റെ പാതയിലൂടെ സഞ്ചരിച്ച ഫ്രഞ്ച് ചിന്തകയാണ് ഹെലൻ സിക്സ്സ്. 1975-ൽ "മെഡൂസയുടെ ചിരി" (Le rire de la Meduse) എന്ന ഗ്രന്ഥത്തിലൂടെ ലൈംഗികത സമൂഹത്തിൽ എങ്ങനെ ആശയവിനിമയം നടത്തുന്നുവെന്ന് അവർ വിശദീകരിക്കുന്നു. എഴുത്ത് തന്റെ നിയന്ത്രണത്തിനപ്പുറമാണെന്നും അതിന്റെ പ്രവാഹത്തിന് അവളവളെത്തന്നെ തുറന്നിട്ടാൽ സംഭവിക്കുന്ന തകിടംമറിച്ചിലാണ് തന്റെ ഭാഷയെന്നും സിക്സ്സ് പറയുന്നു. ആണാധികാര ഇടങ്ങളിൽ സ്ത്രീകൾ സ്വയം പ്രകടിപ്പിക്കാൻ കഴിയാത്ത ഒരു ഭാഷയിലൂടെ വായിക്കാനും അതുവഴി സ്വന്തം ശരീരത്തിൽ കുടുങ്ങിക്കിടക്കാനും ഇടയാകുന്നു. അതിനുപകരം ആശയവിനിമയം നടത്താനുള്ള ഒരു മാർഗ്ഗമായി അവർ ശരീരം ഉപയോഗിച്ചു തുടങ്ങണം. അതിൻപ്രകാരം പുരുഷാധിപത്യവ്യവസ്ഥകളിൽ കാണുന്ന സംഭാഷണനിയമങ്ങൾക്ക് പുറത്തേക്ക് നീങ്ങാൻ ശ്രമിക്കുന്ന പെൺപരിശ്രമങ്ങളെ 'Ecriture Feminine' എന്ന് സിക്സ്സ് വിളിച്ചു. സിക്സ്സ് മുൻപോട്ടുവയ്ക്കുന്ന പെണ്ണെഴുത്ത് എന്ന ആശയത്തെ ഇങ്ങനെ സംഗ്രഹിക്കാം:

1. എഴുത്ത് അധികാരമാർഗ്ഗമായി സ്ത്രീകൾ ഉപയോഗിക്കണം.
2. സ്ത്രീശരീരം സ്ത്രീകർതൃത്വവുമായി മാത്രമാണ് ബന്ധപ്പെട്ടുനിൽക്കുന്നത്.
3. യുക്തിയുടെ പുല്ലിംഗകോയ്മകളെ നിരന്തരം വെല്ലുവിളിക്കണം.
4. എഴുത്തിൽ പുല്ലിംഗകോയ്മയെ തകർക്കാൻ സാഹിത്യത്തിൽ സ്ത്രീലൈംഗികതയുടെ ആവിഷ്കാരം അനിവാര്യമാണ്.

ലൂസ് ഇറിഗാരെ (Luce Irigaray)

"സ്പെകുലം ഓഫ് ദി അദർ വുമൺ" (Speculum of the Other Woman), "ദിസ് സെക്സ് വിച്ച് ഈസ് നോട്ട് വൺ" (This Sex Which Is Not One) എന്നീ ഗ്രന്ഥങ്ങളിലൂടെയാണ് ലൂസ് ഇറിഗാരെ പ്രധാനമായും തന്റെ സ്ത്രീവാദചിന്തകൾ അവതരിപ്പിക്കുന്നത്. പുരുഷനിർമ്മിതമായ അധീശത്വഭാഷയുടെ പരമ്പരാഗതവ്യാകരണനിയമങ്ങളെ ആക്രമിക്കുന്ന ഒരു സ്ത്രൈണഭാഷയുടെ രൂപീകരണമെന്ന ദാർശനികതലമാണ് ഇറിഗാരെയുടെ ചിന്തയുടെ കാതൽ. ഈ ഭാഷ കേവലം പുരുഷഭാഷയുടെ മാറ്റൊലിയോ, പ്രതിബിംബമോ ആക്കിത്തീർക്കാനുള്ള ഒരു ജ്ഞാനപദ്ധതിയല്ല, മറിച്ച് ലയമുള്ള ആഖ്യാനം, ബഹുത്വം, ലീലാപരത, ഏകത്വത്തെ ത്യജിക്കുന്ന രചനാരീതി, സാഹിത്യം, തത്ത്വചിന്ത, സാങ്കല്പികം, യാഥാർത്ഥ്യം, പാരമ്പര്യം എന്നിവയുടെ അതിർവരമ്പുകളെ മാനിക്കാനുള്ള വിസമ്മതം എന്നിവയൊക്കെ പ്രകടിപ്പിക്കുന്ന സ്ത്രൈണബോധത്തിന്റെ കണ്ടെത്തലാണ്. മൂന്നു തലത്തിൽ നിന്നുകൊണ്ടാണ് പുരുഷപരമല്ലാത്ത തന്റെ സ്ത്രൈണഭാഷാസംവാദം ഇറിഗാരെ വികസിപ്പിക്കുന്നത്:

ISSN No: 3049-0316 വാല്യം 3 ലക്കം 1 ഒക്ടോബർ 2026

1. പാശ്ചാത്യവ്യവഹാരമണ്ഡലങ്ങളിൽ ആധിപത്യം പുലർത്തുന്ന പുരുഷബോധ്യങ്ങളെ തിരുത്തുക.
2. സ്ത്രൈണമായ വ്യവഹാരമണ്ഡലത്തിന്റെ നിർമ്മാണതിനാവശ്യമായ സാധ്യതകൾ രേഖപ്പെടുത്തുക.
3. വ്യത്യസ്തമായ (ഏകമല്ലാത്ത) ലൈംഗിക വിഷയങ്ങൾ തമ്മിലുള്ള വൈജ്ഞാനിക ബന്ധത്തിനാവശ്യമായ സാമൂഹികവും നിയമപരവും ധാർമ്മികവുമായ അവസ്ഥകൾ വികസിപ്പിക്കുക.

സ്ത്രീകളുടെ അവസ്ഥകളെക്കുറിച്ച് ഇറിഗാരെയുടെ അഭിപ്രായം ഇപ്രകാരമാണ്:

"മറ്റേതു ചരക്കുകളെയുംപോൽ സ്ത്രീകൾ പുരുഷന്മാർക്കിടയിൽ കൈമാറ്റം ചെയ്യപ്പെടുന്നു. സ്ത്രീകളുടെ ഈ കൈമാറ്റത്തെ അടിസ്ഥാനമാക്കിയാണ് നമ്മുടെ മുഴുവൻ സാമൂഹ്യമേഖലകളും പരസ്പരം വിനിമയത്തിൽ ഏർപ്പെടുന്നത്. അവളുടെ വിനിമയമൂല്യം സമൂഹം നിർണ്ണയിക്കുന്നു. അതേസമയം അവളുടെ ഉപയോഗമൂല്യം അവളുടെ സ്വാഭാവികഗുണങ്ങളാണ്. അങ്ങനെ ഒരു സ്ത്രീയുടെ സ്വഭാവം അവളുടെ ഉപയോഗത്തിനും വിനിമയമൂല്യത്തിനും ഇടയിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല അവളുടെ വിനിമയമൂല്യത്തിനായി ആഗ്രഹിക്കുന്ന സമൂഹം മൂന്നു തരത്തിലുള്ള സ്ത്രീകളെ സൃഷ്ടിക്കുന്നു: ഉപയോഗമൂല്യമുള്ള അമ്മ, വിനിമയമൂല്യമുള്ള കന്യക, ഉപയോഗവും വിനിമയമൂല്യവുമുള്ള വേശ്യ" (Luce Irigare, 1985: 799). മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ മനുഷ്യൻ എന്തായിരിക്കുന്നു എന്ന ആശയത്തിന്റെ പുല്ലിംഗകഥ, സാർവ്വത്രികതയുടെയും ബഹുത്വത്തിന്റേതുമായ ലൈംഗിക യാഥാർത്ഥ്യങ്ങളിലേക്ക് കൊണ്ടുവരേണ്ടതുണ്ടെന്നും അതിനായി പുരുഷന്മാരുടെ സ്ഥാനങ്ങളെ പുനർനിർണ്ണയിക്കണമെന്നും അവർ വാദിക്കുന്നു.

ലിംഗപദവിയെ പറ്റി, ഈ പ്രബന്ധത്തിൽ വിശദീകരിച്ച ചിന്തകരുടെ, ആശയങ്ങളെ ഇപ്രകാരം സംഗ്രഹിക്കാം.

1 ലിംഗപദവി എന്നത് വ്യക്തിയുടെ സ്വതന്ത്രമായ തെരഞ്ഞെടുപ്പല്ല, മറിച്ച് നിരന്തരമായ ഇടപെടലുകളിലൂടെ ചരിത്രവും സമൂഹവും ശരീരത്തിന്മേൽ അടിച്ചേൽപ്പിക്കുന്ന ഒരു അവസ്ഥയാണ്. ഭാഷയിലൂടെയും മറ്റ് സാംസ്കാരിക വ്യവഹാരങ്ങളിലൂടെയും ഈ വേർതിരിവുകൾ സമൂഹത്തിൽ ഉറപ്പിക്കപ്പെടുന്നു.

2. ലിംഗപദവി എന്നത് ജീവശാസ്ത്രപരമായ ഒരു യാഥാർത്ഥ്യമല്ല; മറിച്ച് അത് സമൂഹവും സംസ്കാരവും ചേർന്ന് ബോധപൂർവ്വം നിർമ്മിച്ചെടുക്കുന്നതാണ്. പുരുഷമേധാവിത്വം നിലനിർത്താനും സ്ത്രീകളെ ചില പ്രത്യേക ചുമതലകളിൽ (ഉദാഹരണത്തിന്: വീട്ടമ്മ, അമ്മ) മാത്രം ഒതുക്കി നിർത്താനുമാണ് ഇത്തരം സങ്കല്പങ്ങൾ പ്രധാനമായും ഉപയോഗിക്കുന്നത്.

3. സന്താനോത്പാദനശേഷി, മാതൃത്വം തുടങ്ങിയ ജൈവികമായ അവസ്ഥകളെ മുൻനിർത്തിയാണ് പിതൃമേധാവിത്വസമൂഹം സ്ത്രീകളെ രണ്ടാംകിടക്കാരായി മാറ്റുന്നത്. ഈ ലൈംഗിക മേൽത്തട്ടുകളെ തകർക്കാനും തുല്യത നേടാനും സ്ത്രീകൾ തങ്ങളുടെ ശരീരത്തിന്മേലും ലൈംഗികതയ്ക്കുമേലുമുള്ള അവകാശം തിരിച്ചുപിടിക്കേണ്ടതുണ്ട്.

4. പുരുഷകേന്ദ്രീകൃതമായ യുക്തികളെയും നിയമങ്ങളെയും വെല്ലുവിളിക്കാൻ സ്ത്രീകൾ എഴുത്തിനെ ഒരു അധികാരമാർഗ്ഗമായി ഉപയോഗിക്കണം. ആണാധികാര ഇടങ്ങളിലെ നിയന്ത്രണങ്ങളെ ഭേദിക്കാൻ സ്വന്തം ആശയവിനിമയത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

5. സമൂഹം പലപ്പോഴും സ്ത്രീകളെ കേവലം വിനിമയമൂല്യമോ ഉപയോഗമൂല്യമോ ഉള്ള ചരക്കുകളെ പോലെയാണ് കാണുകയും വിഭജിക്കുകയും ചെയ്യുന്നത്. ഈ ചൂഷണത്തെയും പരമ്പരാഗത വ്യവസ്ഥകളെയും തകർക്കാൻ നിലവിലുള്ള പുരുഷകേന്ദ്രീകൃത ഭാഷയ്ക്ക് പകരം സവിശേഷമായ ഒരു 'സ്ത്രൈണഭാഷ'യും ബോധവും രൂപപ്പെടേണ്ടത് അനിവാര്യമാണ്.

ചുരുക്കത്തിൽ, ലിംഗപദവിയെക്കുറിച്ചുള്ള പഠനങ്ങൾ വികസിപ്പിച്ച സ്ത്രീവാദചിന്തകരുടെ അഭിപ്രായത്തിൽ, സ്ത്രീത്വം - പുരുഷത്വം എന്നിവയുടെ ഗുണവിശേഷങ്ങളെ നിർമ്മിച്ചെടുക്കുന്നത് സമൂഹവും അതിന്റെ രാഷ്ട്രീയവുമാണ്. പരമ്പരാഗതമായി പിതൃകോയ്മയിലും ആണാധികാരത്തിലും നിർമ്മിക്കപ്പെട്ടിട്ടുള്ള സമൂഹശ്രേണി സ്ത്രീത്വം - പുരുഷത്വം എന്നിവയെ ഏകപക്ഷീയമായി നിർമ്മിച്ചെടുക്കുകയാണ് ചെയ്തിട്ടുള്ളത്. ലൈംഗികത, ലിംഗം എന്നിവ സാർവത്രികമായ ഒരു പദമാണ്. എന്നാൽ ലിംഗപദവി എന്ന പദത്തിന് കാലം, ഭൂമിശാസ്ത്രം സാമൂഹിക സാംസ്കാരിക മണ്ഡലങ്ങൾ എന്നിവയുടെ വ്യത്യാസമനുസരിച്ച് അർത്ഥവ്യത്യാസം ഉണ്ടാകുന്നു. സ്ത്രീ-പുരുഷൻ എന്നിവയ്ക്ക് നൈയാമികമായ അംഗീകാരം നിലനിൽക്കുമ്പോൾ സ്ത്രീസത്തയ്ക്കും പുരുഷസത്തയ്ക്കും അങ്ങനെയൊരു

നിലനിൽപ്പില്ല. കൃത്രിമ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നിങ്ങൾക്ക് ലിംഗത്തെ മാറ്റാൻ കഴിഞ്ഞേക്കാം എന്നാൽ ലിംഗപദവിയെ പൊളിച്ചെഴുതുക എളുപ്പമല്ല.

സഹായക ഗ്രന്ഥങ്ങൾ

1. രാജേഷ് എം. ആർ (ഡോ.). ലിംഗപദവി പഠനങ്ങൾ. കണ്ണൂർ: മെയ് ഫ്ലവർ, 2018.
2. Friedan, Betty, *The Feminine Mystique*. Newyork : W.W Norton and Company, 2001.
3. Irigare, Luce. *This Sex Which is Not One*. Newyork : Cornell University Press, 1985.
4. Oakley, A., *Sex Gender and Society*. London : Temples Smith, 1972.